**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ അഴിമതി സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളിൽ നിന്ന് സംഭരിക്കുന്ന മത്സ്യം വിൽക്കുന്നതിന്റെ മറവിൽ മത്സ്യഫെഡിൽ അഴിമതി നടന്ന എന്ന ആരോപണത്തിൽ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി സംഭരിക്കുന്ന മത്സ്യം വിറ്റ പണം ബാങ്കിൽ അടയ്ക്കുന്നതിൽ സാമ്പത്തിക ക്രമക്കേട് നടന്നത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടെത്തിയ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ പ്രോസസിംഗ് സെന്റർ (CPC)-ൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സമഗ്രാന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി എടുക്കണമെന്നും ടി സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് താത്കാലിക ജീവനക്കാരെ നിയമിച്ചതിൽ ഉന്നത ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചു എന്നത് വസ്തുതയാണോ എന്നറിയിക്കുമോ; | (ബി) | മത്സ്യഫെഡിൽ നിലവിൽ 175 സ്ഥിരം ജീവനക്കാരാണ് ഉള്ളത്. 17/02/2016-ലെ ജി.ഒ(പി).5/2016/എഫ്&പി.ഡി ഉത്തരവിലൂടെ മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭിച്ചുവെങ്കിലും സംവരണ തത്വത്തിലെ അപാകത കാരണം നിയമനം നടത്തുന്നതിന് തുടർന്നും കാലതാമസം നേരിട്ടിരുന്നു. റിസർവേഷനിലെ അപാകത പരിഹരിച്ച് എൻടിഡി കേഡർ തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 2017 മുതൽ റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരുടെ അഭാവം മൂലമാണ് താൽകാലിക ജീവനക്കാരെ ദൈനംദിന കണക്കുകൾ കൈകാര്യം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് നിയോഗിക്കേണ്ടിവരുന്നത്. മത്സ്യഫെഡിന്റെ ശക്തികുളങ്ങര CPC-ൽ താൽകാലിക ജീവനക്കാരെ കൂടാതെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള സ്ഥിരം ജീവനക്കാരനെയും ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ചിരുന്നു. സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. കൂടാതെ CPC-യുടെ മാനേജരുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും നിലവിലെ മാനേജർ ഡോ.എം.നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | എങ്കിൽ ഇവ കൈകാര്യം ചെയ്യുന്നതിന് താത്കാലിക ജീവനക്കാരെ നിയമിച്ച ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | മത്സ്യഫെഡിൽ നിലവിൽ 175 സ്ഥിരം ജീവനക്കാരാണ് ഉള്ളത്. 17/02/2016-ലെ ജി.ഒ(പി).5/2016/എഫ്&പി.ഡി ഉത്തരവിലൂടെ മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭിച്ചുവെങ്കിലും സംവരണ തത്വത്തിലെ അപാകത കാരണം നിയമനം നടത്തുന്നതിന് തുടർന്നും കാലതാമസം നേരിട്ടിരുന്നു. റിസർവേഷനിലെ അപാകത പരിഹരിച്ച് എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 2017 മുതൽ റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരുടെ അഭാവം മൂലമാണ് താൽകാലിക ജീവനക്കാരെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കേണ്ടിവരുന്നത്. മത്സ്യഫെഡിന്റെ ശക്തികുളങ്ങര CPC-ൽ താൽകാലിക ജീവനക്കാരെ കൂടാതെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള സ്ഥിരം ജീവനക്കാരനെയും ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ചിരുന്നു. സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. കൂടാതെ CPC-യുടെ മാനേജരുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും നിലവിലെ മാനേജർ ഡോ.എം.നൗഷാദിനോട് വിശദീകരണം |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ